"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സെന്റ് തോമസ് യു.പി.എസ്-ലെ എൽ.ജി. ഹിന്ദി അദ്ധ്യാപികയായ ശ്രീമതി.സൗമ്യ പി-യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പട്ടം, എം.എസ്.സി സ്കൂൾസ് കറസ്പോണ്ടന്റ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.10350/2025/GEDN തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. കറസ്പോണ്ടന്റ്, എം.എസ്.സി സ്കൂൾസ് പട്ടം സർക്കാരിലേക്ക് സമർപ്പിച്ച 23/09/2025-ലെ എം.എസ്.സി./229/25 നമ്പർ റിവിഷൻ ഹർജി.
2. കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/10/2025-ലെ AEOKPM/722/2025-C നമ്പർ കത്ത്.
3. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 02/11/2025-ലെ ഡിഡിഇ/4784/2025-B3 നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/11/2025-ലെ DEOTVM/1414/2025-B5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് സെന്റ് തോമസ് യു.പി.എസ്-ലെ എൽ.ജി. ഹിന്ദി അദ്ധ്യാപികയായ ശ്രീമതി.സൗമ്യ പി-യുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പട്ടം, എം.എസ്.സി സ്കൂൾസ് കറസ്പോണ്ടന്റ് സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 04/11/2025 ന് ബന്ധപ്പെട്ട കക്ഷികളെ പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി ഗൂഗിൾ മീറ്റ് വഴി കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ മാനേജരുടെ പ്രതിനിധി ചുവടെ ചേർക്കും പ്രകാരം ബോധിപ്പിച്ചു</u>

സെന്റ് തോമസ് യു പി എസ് ൽ ജൂനിയർ ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി സീന ഡി യെ 15/7/2021 മുതൽ എച് എസ് ടി ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി സൗമ്യ പി യെ 15/7/2021 മുതൽ നിയമിച്ച അംഗീകാരത്തിനായി പ്രൊപോസൽ സമർപിച്ചിരുന്നു. എന്നാൽ ശ്രീമതി സീന ഡിയുടെ പ്രൊമോഷൻ അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം ഉത്തരവ് നമ്പർ C/15415/2021 തീയതി 20/09/2021 പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു, ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ഉത്തരവ് നമ്പർ

B5/196256/2021 തീയതി 22/11/2021 പ്രകാരം ഈ മാനേജ്മെന്റിനു കീഴിൽ സീനിയർ അവകാശികൾ ആയ മറ്റു ഫുൾ ടൈം LG ഹിന്ദി അധ്യാപകർക്ക് നിയമനം ലഭിച്ചിട്ടില്ല എന്ന കാരണവും കൂടി ഉൾപ്പെടുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഉപജില്ലാ, ജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ഉപജില്ലാ, ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ ഉന്നയിച്ച അതെ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഉത്തരവ് നമ്പർ F1/235268/2021 തീയതി 12/02/2022 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു. ശ്രീമതി സീന ഡി യുടെ സ്ഥാനക്കയറ്റ നിയമനം 21/09/2025 തീയതിയിലെ ബി3/821541/2025 ഉത്തരവ് പ്രകാരം 15/7/2021 തീയതി മുതൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. ശ്രീമതി സൗമ്യയുടെ സീനിയർ ആയ എൽ ജി ഹിന്ദി അധ്യാപകരുടെ നിയമനം ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗം നിയമനത്തിനായി റോസ്റ്റർ പ്രകാരം കണ്ടെത്തിയ ഒഴിവുകളിൽ (18) നിയമന നടപടികൾ പൂർത്തിയാക്കി, അധ്യാപകർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ശേഷിച്ച ഒഴിവുകൾ സർക്കാർ നിർദേശമനുസരിച്ച് ജില്ലാതലസമിതിയെ അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്ഥാപിത ഒഴിവിൽ നിയമിതയായ ശ്രീമതി സൗമ്യയുടെ 15.07.2021 മുതലുള്ള എൽ ജി ഹിന്ദി നിയമനം അംഗീകരിക്കണം.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>

കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പോത്തൻകോട് സെന്റ് തോമസ് യു പി എസ് -ൽ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ഫുൾ ടൈം അധ്യാപികയായിരുന്ന ശ്രീമതി.സീന.സി.ഡിക്കു 15.07.2021 തീയതിയിൽ എച്ച് എസ് ടി (ഹിന്ദി) ആയി പട്ടം സെന്റ് മേരീസ് എച്ച് എസ് എസ് -ൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ച ഒഴിവിലാണ് 15/07/2021 മുതൽ ശ്രീമതി സൗമ്യ പി യെ മാനേജർ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ഫുൾ ടൈം ആയി നിയമിച്ചിരിക്കുന്നത്. എന്നാൽ നിയമനാംഗീകാര പ്രൊപോസൽ സമർപ്പിക്കുന്ന സമയത്ത് ശ്രീമതി സീന ഡി യുടെ എച്ച് എസ് ടി (ഹിന്ദി) സ്ഥാനക്കയറ്റം അംഗീകരിച്ചിരുന്നില്ല എന്നതിനാൽ ഒഴിവു വ്യവസ്ഥിതമായിരുന്നില്ല. ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചു നൽകിയിരുന്നു. തുടർന്ന് ടി ഉത്തരവിനെതിരെ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അപ്പീൽ റിമാർക്സ്, നിയമനം നിരസിച്ച ഉത്തരവ് എന്നിവ പരിശോധിച്ചപ്പോൾ നിയമനം നിരസിക്കാൻ കാരണമായ തടസ്സവാദം അപ്പീൽ പരിഗണിക്കുന്ന സമയത്തും നിലനിന്നിരുന്നു. ശ്രീമതി സീന ഡി യുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല എന്ന് മാത്രമല്ല ടി മാനേജ്മെന്റിന്റെ കീഴിൽ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ഫുൾ ടൈം വിഭാഗത്തിൽ സീനിയർ അവകാശികൾ നിയമനം കാത്തു നില്ക്കുന്നു എന്നീ കാരണങ്ങൾ നിലനിന്നിരുന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അപ്പീൽ നിരസിച്ചു. തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു റിവിഷൻ അപ്പീൽ നൽകി. നിയമനാംഗീകാര അപേക്ഷയും അപ്പീൽ അപേക്ഷയും നിരസിക്കാൻ ഉണ്ടായ തടസ്സവാദങ്ങൾ അപ്പോഴും നിലനിന്നിരുന്നതിനാൽ റിവിഷൻ അപ്പീലും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു. 24.10.2025 തീയതിയിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി സീന ഡി യുടെ സ്ഥാനക്കയറ്റ നിയമനം 15.07.2021 തീയതി മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയതിനാൽ ശ്രീമതി സൗമ്യ പി യെ നിയമിച്ച തസ്തിക

വ്യവസ്ഥാപിതമായിട്ടുണ്ട്. സ.ഉ (കൈ) NO.258/90/പൊ.വി.വ തീയതി 15/12/90 പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു ഭിന്നശേഷി സംവരണത്തിന്റെ റോസ്റ്റർ പരിശോധിച്ചതിൽ കാറ്റഗറി 1 -ൽ മതിയായ എണ്ണം ഭിന്നശേഷി ജീവനക്കാരെ ടി മാനേജ്മന്റ് -ന്റ കീഴിൽ നിയമിച്ചതായി കാണുന്നില്ല. അതോടപ്പം 01.11.2023 ലെ സർക്കാർ കത്ത് നമ്പർ JR1 /502/2023GEDN ൽ 18.11.2018 മുതൽ 08.11.2021 ഇടയിൽ നിയമിതരായവരുടെ നിയമനങ്ങൾ റോസ്റ്ററിലെ അപാകതകൾ തടസ്സമാക്കാതെ പ്രൊവിഷണൽ ആയി അംഗീകരിക്കാൻ നിർദേശമുണ്ട് ടി നിയമനം ഈ കാലയളവിൽ ഉള്ളതാണ്. മനേജരിൽ നിന്നും ലഭിച്ച ടി തസ്തികയിലെ സിനിയർ അവകാശികളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ശ്രീമതി സൗമ്യ പി യിക്ക് മുമ്പുള്ളവർക്ക് നിയമനാനാംഗീകാരം ലഭിച്ചിട്ടുണ്ട് ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ പരിഗണിച്ച് ശ്രീമതി സൗമ്യ പി യുടെ നിയമനം 15.07.2021 തീയതി മുതൽ താൽക്കാലികമായി അംഗീകരിച്ച് നൽകാവുന്നതാണെന്നും റിവിഷൻ ഹർജി പരിഗണിക്കാവുന്നതാണെന്നും തുടർ നടപടികൾക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

4) നേരിൽ കേട്ട വേളയിൽ മാനേജരുടെ പ്രതിനിധി ഉന്നയിച്ച വാദഗതികളുടെയും സമർപ്പിച്ച രേഖകളുടെയും, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. പോത്തൻകോട് സെന്റ് തോമസ് യു.പി.എസ് -ൽ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ഫുൾ ടൈം അധ്യാപികയായിരുന്ന ശ്രീമതി.സീന.സി.ഡിക്കു 15.07.2021 തീയതിയിൽ എച്ച്.എസ്.ടി (ഹിന്ദി) ആയി പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് -ൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ച ഒഴിവിലാണ് 15/07/2021 മുതൽ ശ്രീമതി സൗമ്യ പി യെ മാനേജർ ജൂനിയർ ലാംഗ്വേജ് (ഹിന്ദി) ഫുൾ ടൈം ആയി നിയമിച്ചത്. ശ്രീമതി സീനയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ലാത്തതിനാലും സീനിയർ അവകാശികളുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലുമാണ് വിദ്യാഭ്യാസ ഓഫീസർമാർ നിയമനം അംഗീകരിച്ച് നൽകാതിരുന്നത്. ശ്രീമതി സീന ഡി യുടെ സ്ഥാനക്കയറ്റ നിയമനം 15.07.2021 തീയതി മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയതിനാൽ ശ്രീമതി സൗമ്യ പി യെ നിയമിച്ച തസ്തിക വ്യവസ്ഥാപിതമായിട്ടുണ്ട്. മാനേജരിൽ നിന്നും ലഭിച്ച ടി തസ്തികയിലെ സിനിയർ അവകാശികളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ശ്രീമതി സൗമ്യ പി യിക്ക് മുമ്പുള്ളവർക്ക് നിയമനാനാംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഭിന്നശേഷി സംവരണത്തിന്റെ റോസ്റ്റർ പരിശോധിച്ചതിൽ മതിയായ എണ്ണം ഭിന്നശേഷി ജീവനക്കാരെ മാനേജ്മെന്റിന് കീഴിൽ നിയമിച്ചതായി കാണുന്നില്ല എന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01.11.2023 ലെ സർക്കാർ കത്ത് നമ്പർ JR1/502/2023GEDN ൽ 18/11/2018നും 08.11.2021-നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും അംഗീകാരം നൽകാത്തവർക്ക് മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിൽ വീഴ്ചയോ തടസ്സമാകാതെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിലും ബഹു ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ശ്രീമതി സൗമ്യയുടെ നിയമനം ഈ കാലയളവിൽ ഉള്ളതാണ്. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ പരിഗണിച്ച് 01.11.2023 ലെ JR1/502/2023/GEDN നമ്പർ സർക്കാർ കത്തിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ, ശ്രീമതി

സൗമ്യ പി യുടെ നിയമനം, മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ 15.07.2021 തീയതി മുതൽ താൽക്കാലികമായി അംഗീകരിച്ചു നൽകുന്ന വിഷയം പരിഗണിച്ച് തീർപ്പാക്കുന്നതിന് കണിയാപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണിയാപുരം.
കറസ്പോണ്ടന്റ്, എം.എസ്.സി സ്കൂൾസ്, സമന്വയ പാസ്റ്ററൽ സെന്റർ, സെന്റ് മേരീസ് കോമ്പൗണ്ട്, പട്ടം, തിരുവനന്തപുരം-4
ശ്രീമതി.സൗമ്യ പി, എൽ.ജി. ഹിന്ദി, സെന്റ് തോമസ് യു.പി.എസ് പോത്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 19-12-2025 15:01:27
സെക്ഷൻ ഓഫീസർ